ച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ ഉള്ളടക്കം പുറത്താവാനിടയായ സാഹചര്യം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് നിസ്സാർ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ടേംസ് ഓഫ് റഫറൻസ് അനുസരിച്ചുള്ള കാര്യങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അന്വേഷണ കമ്മീഷന്റെ കാലാവധി 31-10-2009-ന് അവസാനിച്ചു.

(ഡി) കമ്മീഷന്റെ റിപ്പോർട്ട് നിയമസഭയ്ക്ക് നൽകിയിട്ടുണ്ട്.

(ഇ) പരസ്യപ്പെടുത്തിയിട്ടില്ല.

മുസ്ലീം വിദ്യാർത്ഥികൾക്കുള്ള വഖഫ് ബോർഡ് സഹായങ്ങൾ

179 (4803) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥികൾക്കായി എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് വഖഫ് ബോർഡ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) മിടുക്കരായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വഖഫ് ബോർഡ് സ്കോളർഷിപ്പ് നൽകുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങളും മാനദണ്ഡവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ബോർഡിൽനിന്നും പലിശരഹിത ലോൺ സ്കോളർഷിപ്പ് നൽകിവരുന്നു.

(ബി) മിടുക്കരായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് താഴെ പറഞ്ഞ രീതിയിൽ ലോൺ സ്കോളർഷിപ്പ് നൽകുന്നുണ്ട്.

(സി) ഹയർ സെക്കണ്ടറി/പ്ലസ്ടു പരീക്ഷയിൽ 80% മാർക്കോ അല്ലെങ്കിൽ തത്തുല്യ ഗ്രേഡോ ലഭിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 2,50,000-ൽ താഴെയുള്ള മെഡിസിൻ, എഞ്ചിനീയറിംഗ്, നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കാണ് ലോൺ സ്കോളർഷിപ്പ് നൽകുന്നത്. ഒന്നാം വർഷം കോഴ്സിന് ചേർന്നിട്ടുള്ളവർക്കേ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. നിലവിൽ എം.ബി.ബി.എസ്. 35, ബി.ടെക് -35, ബി.ഡി.എസ്.-11, ബി.വി.എസ്.സി-2,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബി.എച്ച്.എം.എസ്.5, ബി.എ.എം.എസ്.5, ബി.എസ്.സി. നഴ്സിംഗ് 7 എന്നീ ക്രമത്തിൽ 100 പേർക്ക് ലോൺ അനുവദിക്കുവാനാണ് ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.വി.എസ്.സി., ബി.ടെക്. എന്നീ കോഴ്സുകൾക്ക് പ്രതിമാസം 1,500 രൂപ പ്രകാരവും ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.എസ്.സി. നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് പ്രതിമാസം 1,250 രൂപ പ്രകാരവുമാണ് നൽകുന്നത്. ബോർഡ് നിർദ്ദേശിക്കുന്ന ജാമ്യ ഉറപ്പിന്മേലാണ് ലോൺ അനുവദിക്കുന്നത്. വിദ്യാഭ്യാസം പൂർത്തിയായ ശേഷം പലിശയില്ലാതെ തുക തിരിച്ചടയ്ക്കേണ്ടതാണ്.

വഖഫ് ബോർഡ്വഴി നടപ്പാക്കുന്ന സാമൂഹ്യ ക്ഷേമപദ്ധതി

180 (4804) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ.കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വഖഫ് ബോർഡ് പുതുതായി എന്തെങ്കിലും ക്ഷേമപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

വഖഫ് ബോർഡ് പുതിയതായി ക്ഷേമപദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

മദ്രസ്സാ അദ്ധ്യാപക പെൻഷൻ

181 (4805) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്രസ്സാ അദ്ധ്യാപക പെൻഷൻ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദേശത്ത് തൊഴിൽ അവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം

182 (4806) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് :

LIBRARY ARCHIVES Kerala Legislative Assembly